(സി) രോഗം സംശയിക്കുന്നവരുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. രോഗം സംശയിക്കുന്നവരുടെ തുടർ പരിശോധന അതത് സ്ഥലത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നടത്തി. രോഗം സ്ഥിരീകരിച്ചവർക്ക് ചികിൽസയും, കൂടാതെ രോഗ നിയന്ത്രണത്തിനുള്ള പ്രവർത്തനങ്ങളും നടത്തി.

(ഡി) നോട്ടീസ് കാലാവധി തീരുന്നതിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധന നടത്തി വീഴ്ചകൾ പരിഹരിച്ചു എന്ന് ഉറപ്പു വരുത്തി. മറ്റ് വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ) സുരക്ഷാ കേരളം പദ്ധതിക്കായി പ്രത്യേകം ഫണ്ട് നൽകിയിട്ടില്ല.

സ്വാസ്ഥ്യം പദ്ധതി

38 (703) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാസ്ഥ്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ജനങ്ങളെ സ്ക്രീനിംഗ് നടത്തി ക്യാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്, വ്യക്തമാക്കാമോ ;

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ക്യാൻസർ നിർണ്ണയത്തിനായി കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് സാമൂഹ്യസുരക്ഷാ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് സ്വാസ്ഥ്യം പദ്ധതി. 2015 ഫെബ്രുവരി 4-ന് ഈ പദ്ധതി നിലവിൽ വന്നു.

(ബി) സംസ്ഥാനത്ത് 42 ലക്ഷത്തോളം വരുന്ന കുടുംബശ്രീ പ്രവർത്തകരിലൂടെ ക്യാൻസർരോഗ ബോധവത്കരണവും ക്യാൻസർരോഗ നിർണ്ണയവും നടത്തുക എന്നതാണ് സ്വാസ്ഥ്യം പദ്ധതിയുടെ ഉദ്ദേശ്യം. കുടുംബശ്രീ പ്രവർത്തകർക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്യാൻസർ രോഗത്തെക്കുറിച്ച് അവബോധം നൽകുകയും അവരിലൂടെ രോഗ സാധ്യതയുള്ള ജനങ്ങളെ കണ്ടെത്തി സ്ക്രീനിംഗ് ക്യാമ്പുകളിൽ എത്തിക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ഉദ്ദേശിച്ചിരിക്കുന്ന കർമ്മ പദ്ധതി.

(സി) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ വഴി സംസ്ഥാനത്തെ തെരഞ്ഞെടുത്ത സി.ഡി.എസ്. വോളന്റിയർമാർക്ക് ക്യാൻസർരോഗ ബോധവത്കരണം നൽകുക, അവരിലൂടെ മറ്റ് കുടുംബശ്രീ പ്രവർത്തകർക്ക് ക്യാൻസർ രോഗസംബന്ധമായ അവബോധം സൃഷ്ടിക്കുക, പരിശീലനം ലഭിച്ച പ്രവർത്തകർ ഭവന സന്ദർശനത്തിലൂടെ രോഗ സാധ്യതയുള്ള ജനങ്ങളെ ആരോഗ്യ വകുപ്പും ക്യാൻസർ സെന്ററും ചേർന്ന് നടത്തുന്ന ക്യാൻസർ നിർണ്ണയക്യാമ്പുകളിൽ എത്തിക്കുക തുടങ്ങിയ കാര്യങ്ങളാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

(ഡി) കുടുംബശ്രീ, സാമൂഹ്യ സുരക്ഷാ വകുപ്പ്, ആരോഗ്യവകുപ്പ്, റീജിയണൽ ക്യാൻസർ സെന്റർ എന്നിവരാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്.

നാഷണൽ റൂറൽ ഹെൽത്ത് മിഷനുള്ള ധനസഹായം

39 (704) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളിൽ ഓരോ വർഷവും നാഷണൽ റൂറൽ ഹെൽത്ത് മിഷന് എത്ര തുക ധനസഹായം കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിച്ചുവെന്നും അവയിൽ ഓരോ വർഷവും എത്ര തുക ചെലവാക്കിയെന്നും എത്ര തുക ലാപ്സായി എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗത്തിൽ ഉള്ള വീഴ്ചകളും അഴിമതികളും സംബന്ധിച്ച് ഓരോ വർഷവും എത്ര പരാതികൾ ലഭിച്ചു ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ നടത്തിപ്പിനായി നിലവിൽ എത്ര ഉദ്യോഗസ്ഥരുണ്ട് ; തസ്തികകൾ, ശമ്പള നിരക്ക്, സ്ഥിരം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ തുടങ്ങിയ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.എച്ച്.എം.-ന്റെ ഫണ്ടുപയോഗം സംബന്ധിച്ച് അക്കൗണ്ട്സ് പരിശോധിച്ചുവോ; എങ്കിൽ പരിശോധിച്ച സ്ഥാപനം ഏത് ; പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;